# ലേല ദർഘാസ് പരസ്യം

ദർഘാസ് നമ്പർ - RP/C/T/10R3/24

കുന്നത്തുനാട് താലൂക്ക്, ഐരാപുരം വില്ലേജിൽ റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ വിവിധ പ്ലോട്ടുകളിൽ നിൽക്കുന്ന 75 മരങ്ങൾ വെട്ടിനീക്കി കൊണ്ടുപോകുന്നതിന് താത്പര്യമുള്ള കരാറുകാരിൽ നിന്നും പരസ്യ ലേലം / സമാന്തരമായി മുദ്രവച്ച പുനർ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് നിബന്ധനകൾ അനുസരിച്ചു മേൽപ്പറഞ്ഞ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ദർഘാസ്ഫാറം 07-02-2025 മുതൽ 18-02-2025 പകൽ 4.30 മണി വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും Rs.500/- + GST @18% നിരക്കിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിൻറെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ റബ്ബർ പാർക്കിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകളോടൊപ്പം നിരത ദ്രവ്യമായി മാനേജിങ് ഡയറക്ടർ, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ വളയൻചിറങ്ങരയിൽ മാറാവുന്ന Rs.10,000/- (പതിനായിരം) ക്രോസ്സ് ചെയ്ത ഡിഡിയും സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച ദർഘാസുകൾ 19-02-2025 പകൽ 10.30 മണിവരെ, തപാൽ / കൊറിയർ വഴി മാത്രം - മാനേജിങ് ഡയറക്ടർ,, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, 2A , Kautileeyam, Valayanchirangara - 683 556 സ്വീകരിക്കുന്നതും, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, വളയൻചിറങ്ങരയിലുള്ള ഓഫീസിൽ 19-02-2025 രാവിലെ 11 ന് ലേലം ആരംഭിക്കുന്നതുമാണ്, ലേലത്തിന് ശേഷം, ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്. ദർഘാസുകൾ സമർപ്പിക്കാതെ ലേലത്തിൽ മാത്രം പങ്കെടുക്കുന്നവർ നിരതദ്രവ്യമായി മാനേജിങ് ഡയറക്ടർ,, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എന്ന പേരിൽ വളയൻചിറങ്ങരയിൽ മാറാവുന്ന Rs.10,000/- ക്രോസ്സ് ചെയ്ത ഡിഡി ലേല ഹാളിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് റബ്ബർ പാർക്ക് ഉദ്യോഗസ്ഥരെ ഏൽപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കുന്നതിന് ദർഘാസിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ഡിഡിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് റബ്ബർ പാർക്ക് ഉദ്യോഗസ്ഥരെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസിലും ലേലത്തിലുമുള്ള തുകയിൽ ഏതാണോ വലുത് ആ തുക കരാർ തുകയായിരിക്കും. ദർഘാസ് നിബന്ധനകൾ അനുസരിച്ചു മേല്പറഞ്ഞ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ദർഘാസും നിരസിക്കുന്നതിനോ / മാറ്റിവക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം മാനേജിങ് ഡയറക്ടറിൽ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർ പാർക്കിന്റെ ഓഫീസുമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും (രാവിലെ 9.00 മണി മുതൽ വൈകുന്നേരം 05:30 മണി വരെ) ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

ഐരാപുരം

06-02-2025